# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2463** **07.02.2019-ൽ മറുപടിക്ക്**

സ്ട്രീറ്റ് ലൈറ്റ് നാഷണൽ പ്രോഗ്രാം (എസ്.എൽ.എൻ.പി)

| | ചോദ്യം<br>ശ്രീ. കെ.എൻ.എ ഖാദർ | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | 2019 മാർച്ച് മാസത്തോടെ രാജ്യത്തെ 1.34 കോടി തെരുവ് വിളക്കുകൾ പൂർണ്ണമായും എൽ. ഇ. ഡി. അധിഷ്ഠിതമാക്കി മാറ്റുന്നതിലേക്കായി ഭാരതസർക്കാർ തുടക്കം കുറിച്ച സ്ട്രീറ്റ് ലൈറ്റ് നാഷണൽ പ്രോഗ്രാം പദ്ധതി കേരളത്തിൽ നടപ്പിലാക്കാൻ സർക്കാർ ഇതിനോടകം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സ്ട്രീറ്റ് ലൈറ്റ് നാഷണൽ പ്രോഗ്രാം പദ്ധതി നടപ്പിലാക്കുന്നതിനായി എനർജി മാനേജ്മെന്റ് സെന്ററിനെ നോഡൽ ഏജൻസിയായി നിശ്ചയിച്ചിട്ടുണ്ട്. ഊർജ്ജ കേരള മിഷന്റെ ഭാഗമായി സ്ട്രീറ്റ് ലൈറ്റുകൾ എൽ.ഇ.ഡി അധിഷ്ഠിതമാക്കുന്നതിനുള്ള ഒരു പദ്ധതി നിലവിലുണ്ട്.<br>സ്ട്രീറ്റ് ലൈറ്റുകൾ എൽ.ഇ.ഡി ആക്കുന്ന പദ്ധതിയുടെ ഭാഗമായി കൊല്ലം മുനിസിപ്പൽ കോർപ്പറേഷനിൽ എനർജി സർവ്വീസ് കമ്പനി (ESCO) മാതൃകയിൽ നിലവിലുള്ള ഊർജ്ജകാര്യക്ഷമത കുറഞ്ഞ തെരുവു വിളക്കുകൾ മാറ്റി ഊർജ്ജകാര്യക്ഷമത കൂടിയ എൽ.ഇ.ഡി അധിഷ്ഠിത തെരുവു വിളക്കുകൾ സ്ഥാപിക്കാൻ അനുവാദം നൽകിയിട്ടുണ്ട്.<br>ESCO മാതൃകയുടെ നേട്ടങ്ങൾ.<br>• ESCO മാതൃകയിൽ ഈ പദ്ധതി നടപ്പിലാക്കുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ല.<br>• നിലവിൽ വൈദ്യുതി ചാർജ്ജായി നൽകുന്ന തുകയും അറ്റകുറ്റ പണികൾക്കായി ചെലവാക്കുന്ന തുകയും മാസതവണകളായി (EMI) ESCO കമ്പനിക്ക് നൽകേണ്ടതാണ്. ഇതിന്റെ ഒരു ലാഭവിഹിതം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരികെ ലഭിക്കുന്നതാണ്.<br>• ഈ പദ്ധതി നടപ്പിലാക്കുന്ന കാലയളവിലെ പരിപാലനവും, അറ്റകുറ്റ പണികളുടെ ചെലവ്, വൈദ്യുത ബില്ല് എന്നിവ ESCO കമ്പനി വഹിക്കുന്നതാണ്.<br>തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിൽ ESCO മാതൃകയിൽ ഈ പദ്ധതി നടപ്പിലാക്കാനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു.<br>ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ എൽ.ഇ.ഡി അധിഷ്ഠിത തെരുവു വിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതി 75 ശതമാനത്തിലധികം പൂർത്തിയായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | കേരളത്തിൽ ഈ പദ്ധതിയുടെ പൂർത്തീകരണം എന്നത്തേക്ക് നടപ്പാകും; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | കേരളത്തിൽ ഈ പദ്ധതി പ്രാരംഭഘട്ടത്തിലായതിനാൽ പദ്ധതിയുടെ പൂർത്തീകരണത്തിന്റെ തീയതി നിശ്ചയിച്ചിട്ടില്ല. |
| (സി) | ഇതിനായി ചുമതലപ്പെടുത്തിയ നോഡൽ ഏജൻസി ഏതെന്നും ഈ ഇനത്തിൽ ഇതുവരെ ചെലവഴിച്ച തുകയെത്രയെന്നും വിശദമാക്കാമോ? | (സി) | എനർജി മാനേജ്മെന്റ് സെന്ററിനെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി നിയമിച്ചിട്ടുള്ളത്. സ്ട്രീറ്റ് ലൈറ്റ് നാഷണൽ പ്രോഗ്രാം പദ്ധതിയ്ക്കായി സർക്കാർ പ്രത്യേക ധനസഹായം അനുവദിച്ചിട്ടില്ല.<br>എന്നാൽ മാതൃകാ ഊർജ്ജകാര്യക്ഷമതാ ഗ്രാമപഞ്ചായത്ത് പദ്ധതിയുടെ ഭാഗമായി കേരളത്തിലെ 14 ഗ്രാമ പഞ്ചായത്തുകളിൽ 70 വാട്ട്സിന്റെ 50 തെരുവു വിളക്കുകളും 35 വാട്ട്സിന്റെ 1520 തെരുവു വിളക്കുകളും 18 വാട്ട്സിന്റെ 1850 തെരുവു വിളക്കുകളും കേരള സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും ധനസഹായത്തോടു കൂടി വിതരണം ചെയ്തിട്ടുണ്ട്.<br>ഈ പദ്ധതി നടപ്പിലാക്കുന്നതിനായി ഇതുവരെ 76,22,701 രൂപ ചെലവാക്കിയിട്ടുണ്ട്. |

Kimalla

സെക്ഷൻ ഓഫീസർ